പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2545     08.05.2017-ലെ മറുപടി

പാറപ്പുറം മിനി വാട്ടർ സപ്ലൈ സ്കീം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.യു. ആർ. പ്രദീപ് : | | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| എ | ചേലക്കര നിയോജകമണ്ഡലം ആസ്തി വികസന സ്കീം 2015-16 -ൽ നിന്നും 24 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതും കേരള വാട്ടർ അതോറിറ്റിയ്ക്ക് നിർമ്മാണ ചുമതല നൽകിയതുമായ പാഞ്ഞാൾ പഞ്ചായത്ത് വാർഡ് 12 പാറപ്പുറം മിനി വാട്ടർ സപ്ലൈ സ്കീം പ്രവൃത്തി ഇതുവരെയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി | ടി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കുമോ; | ബി | പ്രസ്തുത പ്രവൃത്തിക്കുവേണ്ടി ഭൂഗർഭജല വകുപ്പ് നിർദ്ദേശിച്ച സ്ഥലത്ത് കുഴൽ കിണർ നിർമ്മിക്കുന്നതിന് ആവശ്യമായ റിഗ് എത്താതിരിക്കുകയും ജലലഭ്യത കുറവ് കൊണ്ടും പുതിയ സ്ഥാനം നിർണ്ണയിച്ചിട്ടുണ്ട്. സ്ഥാനം നിർണ്ണയിക്കുന്നതിനും കുഴൽ കിണർ നിർമ്മിക്കുന്നതിനും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ (ജി.ഡബ്ല്യൂ.ഡി) പണം അടച്ചിട്ടുണ്ട്. കിണർ നിർമ്മാണ പ്രവൃത്തികൾ ഉടനടി പൂർത്തിയാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. |
| സി | ഭരണാനുമതി നൽകി ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതും പദ്ധതി പ്രദേശത്ത് അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതും കണക്കിലെടുത്ത് അടിയന്തരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ വാട്ടർ അതോറിറ്റി തൃശ്ശൂർ ഡിവിഷന് കർശന നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | സി | യുദ്ധകാലാടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

Renuka Sankar

സെക്ഷൻ ഓഫീസർ